**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1528** **01-02-2024 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര കല്ലുമല റയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിലെ മിച്ചൽ ജംഗ്ഷൻ വികസനവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ആലപ്പുഴ ജില്ലയിൽ മാവേലിക്കര വില്ലേജിൽ ഉൾപ്പെട്ട 57.08 ആർസ് ഭൂമി മാവേലിക്കര മിച്ചൽ ജംഗ്ഷൻ വികസനത്തിന് 2013-ലെ എൽ.എ.ആർ.ആർ നിയമം പ്രകാരം ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതും 11(1) പ്രകാരമുള്ള പ്രാരംഭ വിജ്ഞാപനം 17/10/2022-ൽ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്. തുടർ നടപടികളുടെ ഭാഗമായി പുനരധിവാസ പാക്കേജ്, വസ്തുക്കളുടെ അടിസ്ഥാനവില നിർണ്ണയം നിർമ്മിതികളുടെ വിലനിർണ്ണയം എന്നിവ അന്തിമ ഘട്ടത്തിലെത്തിയിരുന്നതുമാണ്. എന്നാൽ ബഹു. ഹൈക്കോടതിയിൽ ശ്രീ. കോശി ഫിലിപ്പ് ഫയൽ ചെയ്ത WP(C) 27368/2022 കേസിൽ നിലവിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർത്തിവെക്കുന്നതിന് ബഹു. ഹൈക്കോടതി ഉത്തരവായിട്ടുള്ളതും, സ്റ്റേ നടപടികൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. |
| (ബി) | മാവേലിക്കര കല്ലുമല റയിൽവേ മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | ആലപ്പുഴ ജില്ലയിൽ മാവേലിക്കര വില്ലേജിൽ വിവിധ സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ട 63.57 ആർസ് ഭൂമി കല്ലുമല റെയിൽവേ മേൽപ്പാലം നിർമ്മാണത്തിന് 2013-ലെ എൽ.എ.ആർ.ആർ നിയമം ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതും സെക്ഷൻ 11(1) പ്രകാരമുള്ള പ്രാരംഭ വിജ്ഞാപനം 15/03/2023-ലും, സെക്ഷൻ 19(1) അന്തിമ വിജ്ഞാപനം 22/11/2023-ലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. ആർ.ആർ പുനരധിവാസ പാക്കേജ് 07/11/2023-ൽ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾക്ക് നഷ്ടപരിഹാരം നൽകുന്നതിലേക്കുള്ള മുഴുവൻ അവാർഡുകളും 10/01/2024-ൽ പാസ്സാക്കിയിട്ടുള്ളതും അവാർഡ് എൻക്വയറി പൂർത്തിയാക്കി തുക കക്ഷികളുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനായി ബിൽ |

| | | | |
|---|---|---|---|
| | | | ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളതും WAMS ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് തുക കക്ഷികളുടെ അക്കൗണ്ടിൽ നിക്ഷേപിച്ച് സ്ഥലം അർത്ഥനാധികാരിക്ക് കൈമാറുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതിക്കായി സ്ഥലം ഏറ്റെടുത്ത് കൈമാറുന്ന പ്രവർത്തനം വേഗത്തിൽ പൂർത്തീകരിക്കുമോ? | (സി) | ആലപ്പുഴ ജില്ലയിൽ മാവേലിക്കര വില്ലേജിൽ വിവിധ സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ട 63.57 ആർസ് ഭൂമി കല്ലുമല റെയിൽവേ മേൽപ്പാലം നിർമ്മാണത്തിന് 2013-ലെ എൽ.എ.ആർ.ആർ നിയമം ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതും സെക്ഷൻ 11(1) പ്രകാരമുള്ള പ്രാരംഭ വിജ്ഞാപനം 15/03/2023-ലും, സെക്ഷൻ 19(1) അന്തിമ വിജ്ഞാപനം 22/11/2023-ലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. ആർ.ആർ പുനരധിവാസ പാക്കേജ് 07/11/2023-ൽ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾക്ക് നഷ്ടപരിഹാരം നൽകുന്നതിലേക്കുള്ള മുഴുവൻ അവാർഡുകളും 10/01/2024-ൽ പാസ്സാക്കിയിട്ടുള്ളതും അവാർഡ് എൻക്വയറി പൂർത്തിയാക്കി തുക കക്ഷികളുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനായി ബിൽ ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളതും WAMS ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് തുക കക്ഷികളുടെ അക്കൗണ്ടിൽ നിക്ഷേപിച്ച് സ്ഥലം അർത്ഥനാധികാരിക്ക് കൈമാറുന്നതാണ്. |

സെക്ഷൻ ഓഫീസർ